REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 20-05-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **അഞ്ചു രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇറ്റലിയിലെ റോമിലെത്തി.**
- **പതിനാറാം നിയമസഭയുടെ പ്രോട്ടം സ്പീക്കറായി G-സുധാകരൻ രാവിലെ സത്യപ്രതിജ്ഞ ചെയ്യും.**
- **ഇന്ന് ലോക മെട്രോളജി ദിനം .**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിലും ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യത. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

അഞ്ചു രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇറ്റലിയിലെ റോമിലെത്തി. ഇന്ത്യ - ഇറ്റലി തന്ത്രപരമായ പങ്കാളിത്തത്തിന്റെ പുതിയ അധ്യായം നരേന്ദ്രമോദിയുടെ സന്ദർശനം സൃഷ്ടിക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

റോമിൽ നരേന്ദ്രമോദിയെ, ഇറ്റാലിയൻ ഉപപ്രധാനമന്ത്രിയും, വിദേശകാര്യ അന്താരാഷ്ട്ര സഹകരണ മന്ത്രിയുമായ അന്റോണിയോ തജാനി വിമാനത്താവളത്തിൽ സ്വീകരിച്ചു. പ്രസിഡണ്ട് സർജിയോ മാറ്ററല്ലയെയും, പ്രധാനമന്ത്രി ജോർജിയ മെലോണിയയെയും കണ്ട് ഇന്ത്യ - ഇറ്റലി സഹകരണം വർദ്ധിപ്പിക്കുന്ന കാര്യം ചർച്ച ചെയ്യുമെന്ന് നരേന്ദ്രമോദി അറിയിച്ചു.

ഇന്ത്യ- പശ്ചിമേഷ്യ-യൂറോപ്യൻ സാമ്പത്തിക ഇടനാഴി സംബന്ധിച്ച ചർച്ചയിൽ ഇരുരാജ്യങ്ങളും ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും നരേന്ദ്രമോദി വ്യക്തമാക്കി. ഭക്ഷ്യ കാർഷിക സംഘടനയുടെ ആസ്ഥാനം സന്ദർശിക്കുമെന്നും, ആഗോള ഭക്ഷ്യ സുരക്ഷയ്ക്കും, ബഹുരാഷ്ട്ര വാദത്തിനും നിലകൊള്ളുന്നതിന് ഇന്ത്യയുടെ പ്രതിബദ്ധത സന്ദർശനം ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇന്നലെ രാവിലെ ഓസ്‌ലോയിൽ മൂന്നാമത് ഇന്ത്യ നോർഡിക് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷമാണ് നരേന്ദ്രമോദി ഇറ്റലിയിലേക്ക് പോയത്.

✪✪✪

ലോക്‌സഭാ സ്പീക്കർ ഓം ബിർള കോർപറേറ്റ് നിയമ ഭേദഗതി ബിൽ -2026 സംബന്ധിച്ച സംയുക്ത സമിതി രൂപീകരിച്ചു. സുധീർഗുപ്ത MP യാണ് കമ്മറ്റിയുടെ ചെയർമാൻ. ലോക്‌സഭയിൽ നിന്ന് 21 അംഗങ്ങളും, രാജ്യസഭയിലെ ഒൻപത് അംഗങ്ങളുമാണ് സമിതിയിലുൾപ്പെടുന്നത്.

✪✪✪

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ - ക്ഷേമ നിധി പെൻഷൻ ഈ മാസം 25 മുതൽ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി VD സതീശൻ അറിയിച്ചു. മേയ് മാസത്തെ പെൻഷൻ വിതരണത്തിന്, 1,070 കോടി രൂപ അനുവദിച്ചതായി അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു

✪✪✪

സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ സംസ്ഥാനതല വാർഷിക സഹവാസ ക്യാമ്പ് "ഐക്യ 2026" ന് വൈകിട്ട് തിരുവനന്തപുരത്ത് തുടക്കമാകും. വെങ്ങാനൂർ VPS മലങ്കര ഹയർ സെക്കൻഡറി സ്കൂളിൽ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. 'ലിംഗസമത്വം' എന്നതാണ് ഇത്തവണത്തെ ക്യാമ്പിന്റെ പ്രധാന വിഷയം.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്റ്റുഡന്റ്റ് പോലീസ് കേഡറ്റുകളിൽ നിന്ന് തിരഞ്ഞെടുത്ത 939 പേർ ആറുദിവസത്തെ ക്യാമ്പിൽ പങ്കെടുക്കും. 25 ന് തിങ്കളാഴ്ച വർണശബളമായ പരേഡോടു കൂടി ക്യാമ്പ് സമാപിക്കും.

✪✪✪

LDF ന്റെ നേതൃത്വത്തിൽ കഴിഞ്ഞ 10 വർഷം സംസ്ഥാനത്തെ വലിയതോതിൽ മുന്നോട്ട് നയിക്കാനാണ് ശ്രമിച്ചതെന്ന് മുൻ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കണ്ണൂർ ശ്രീകണ്ഠപുരം നെടിയങ്ങയിൽ CPIM ലോക്കൽ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ഭരണമാറ്റം

വേണമെന്നാണ് ജനങ്ങൾ വിധിയെഴുതിയതെന്നും അത് പൂർണമായും അംഗീകരിക്കുന്നുവെന്നും, പരാജയം CPIM ന്റെയോ LDF ന്റെയോ അവസാനമാണെന്ന് ആരും കരുതേണ്ടെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

പതിനാറാം നിയമസഭയുടെ പ്രോട്ടം സ്പീക്കറായി അമ്പലപ്പുഴയിൽ നിന്ന് വിജയിച്ച G സുധാകരൻ രാവിലെ സത്യപ്രതിജ്ഞ ചെയ്യും.

തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി.

........(വോയ്സ്)............

✪✪✪

മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്തസാക്ഷി ദിനമായ നാളെ രാവിലെ തിരുവനന്തപുരം KPCC ആസ്ഥാനത്ത് മുഖ്യമന്ത്രി VD സതീശന്റെ നേതൃത്വത്തിൽ പുഷ്പാർച്ചനയും, അനുസ്മരണ പ്രഭാഷണവും നടത്തുമെന്ന് KPCC അറിയിച്ചു.

KPCC പ്രസിഡന്റും മന്ത്രിയുമായ സണ്ണി ജോസഫിന്റെ അധ്യക്ഷതയിൽ ചേരുന്ന അനുസ്മരണ സമ്മേളനത്തിൽ മന്ത്രി രമേശ് ചെന്നിത്തല, പാർട്ടി ഭാരവാഹികൾ, മുതിർന്ന നേതാക്കൾ, MLA മാർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

കൽക്കട്ട ഹൈക്കോടതി ഉത്തരവിനെ തുടർന്ന് വിവിധ തസ്തികകളിൽ സംവരണം ഏർപ്പെടുത്തുന്നതിന് 66 വിഭാഗങ്ങളെ OBC പട്ടികയിൽ ഉൾപ്പെടുത്തി പശ്ചിമ ബംഗാൾ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. കൂടാതെ OBC A യ്ക്ക് 10 ശതമാനം സംവരണവും, OBC B യ്ക്ക് നൽകിയിരുന്ന ഏഴ് ശതമാനം സംവരണവും റദ്ദാക്കി.

✪✪✪

നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മഹാത്മാഗാന്ധിയുടെ ഹൈപ്പർ-റിയലിസ്റ്റിക് 3D അവതാർ, ഡൽഹിയിലെ പ്രധാനമന്ത്രി സംഗ്രഹാലയയിൽ ഇന്ന് മുതൽ സന്ദർശകർക്കായി തുറന്ന് കൊടുക്കും. സന്ദർശകർക്ക് മഹാത്മാഗാന്ധിയുടെ 3D അവതാറുമായി സംവദിക്കാൻ സാധിക്കും. ആശയവിനിമയത്തിനും സന്ദർശക സംതൃപ്തിക്കും വേണ്ടി,

മ്യൂസിയം നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് സംഗ്രഹാലയ അധികൃതർ അറിയിച്ചു.

നേരത്തെ, സർദാർ വല്ലഭായ് പട്ടേലിന്റെയും, മുൻ രാഷ്ട്രപതി APJ അബ്ദുൾ കലാമിന്റെയും AI- പവർഡ് ഹോളോബോക്സ് ഇൻസ്റ്റലേഷനുകൾ മ്യൂസിയത്തിൽ ആരംഭിച്ചിരുന്നു.

✪✪✪

രണ്ട് മണ്ഡലങ്ങളിൽ മത്സരിച്ച് ജയിച്ച പുതുച്ചേരി മുഖ്യമന്ത്രി N. രംഗസാമി മംഗലം മണ്ഡലം നിലനിർത്തി, തട്ടഞ്ചാവടി നിയമസഭാ മണ്ഡലത്തിലെ MLA സ്ഥാനം രാജിവച്ചു. ഇതോടെ ഈ നിയമസഭാ മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പിന് കളമൊരുങ്ങി. മണ്ഡലം ഒഴിഞ്ഞു കിടക്കുന്ന വിജ്ഞാപനം പുതുച്ചേരി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

ഇന്ന് ലോക മെട്രോളജി ദിനം . ദൈനം ദിന ജീവിതത്തിൽ അളവ് തൂക്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണ ലക്ഷ്യം. "മെട്രോളജി: നയരൂപീകരണത്തിൽ വിശ്വാസം വളർത്തിയെടുക്കുക" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. ജയ്പൂരിൽ ലഖ്നൗ ഉയർത്തിയ 221 റൺസ് വിജയലക്ഷ്യം പിന്തുടർന്ന രാജസ്ഥാൻ 5 പന്തുകൾ ബാക്കി നിൽക്കെ ലക്ഷ്യം മറി കടന്നു.

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. വൈകിട്ട് ഏഴരക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മുഹമ്മദൻസ് SC യെ പരാജയപ്പെടുത്തി. ഗോഹട്ടിയിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്കായിരുന്നു നോർത്ത് ഈസ്റ്റിന്റെ ജയം

✪✪✪

കണ്ണൂർ ആറളം ഫാമിൽ ഗജമുക്തി ഓപറേഷൻ പദ്ധതിയുടെ ഭാഗമായി ആനകളെ തുരത്തുന്ന നടപടി പുനരാരംഭിച്ചു. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനാണ് ഓപ്പറേഷൻ ഗജമുക്തി ആരംഭിച്ചത്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

................(വോയ്സ്)...........

✪✪✪

കണ്ണൂർ കണ്ണവത്ത് നിയന്ത്രണം വിട്ട കാറിടിച്ച് കാൽ നടയാത്രക്കാരായ രണ്ട് പേർ മരിച്ചു. കണ്ണവം കൂടലിലെ ബാബു, കൈച്ചേരിയിലെ ഇസ്മയിൽ എന്നിവരാണ് മരിച്ചത്. കണ്ണവം ടൗണിൽ ഇന്നലെ വൈകിട്ടായിരുന്നു അപകടം.

✪✪✪

സത്യപ്രതിജ്ഞാ ചടങ്ങിനോടനുബന്ധിച്ച് തിരുവനന്തപുരത്ത് വന്ദേമാതരം ആലപിച്ചതുമായി ബന്ധപ്പെട്ട് മുൻ മന്ത്രി P.A മുഹമ്മദ് റിയാസ് നടത്തിയ പ്രസ്താവനയ്ക്കെതിരെ BJP കോഴിക്കോട് സിറ്റി ജില്ലാ കമ്മിറ്റി പ്രതിഷേധ പ്രകടനം നടത്തി. ഭാരതത്തിന്റെ ദേശീയ ഗീതമായ വന്ദേമാതരത്തെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ നടത്തിയ പരാമർശം സത്യപ്രതിജ്ഞാ ലംഘനമാണെന്ന് സിറ്റി ജില്ലാ പ്രസിഡന്റ് K.P പ്രകാശ് ബാബു പറഞ്ഞു.

✪✪✪

മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ വന്ദേമാതരം പൂർണമായും അവതരിപ്പിച്ചതിനെ വിമർശിച്ച P.A മുഹമ്മദ് റിയാസിനെ ഒറ്റതിരിഞ്ഞാക്രമിക്കാനും വ്യക്തി അധിക്ഷേപം നടത്താനും ശ്രമിക്കുന്ന നീക്കത്തിൽ CPIM കോഴിക്കോട് ജില്ലാ സെക്രട്ടറിയേറ്റ് പ്രതിഷേധിച്ചു. സത്യപ്രതിജ്ഞാ ചടങ്ങിൽ വന്ദേമാതരം പൂർണമായും ആലപിച്ചത് തെറ്റായ നടപടിയാണെന്നും, വിഷയത്തിൽ നിലപാട് വ്യക്തമാക്കാൻ സംസ്ഥാന ഗവണ്മെന്റും, കോൺഗ്രസ് നേതൃത്വവും തയ്യാറാകണമെന്നും ജില്ലാ സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട് പൂവാറംതോട് തമ്പുരാൻ കൊല്ലി വനമേഖലയിൽ കാണാതായ യുവാവിനെ കണ്ടെത്തി. കൊടക്കാട്ടുപാറയിൽ അവശ നിലയിൽ കണ്ടെത്തിയ യുവാവിന് നാട്ടുകാർ പ്രഥമ ശ്രുശ്രൂഷ നൽകി. അതിനു ശേഷം പൊലീസിനെ വിവരമറിയിച്ചു. പിന്നീട് ഇയാളെ തിരുവമ്പാടിയിൽ എത്തിച്ചു.

യുവാവിനെ കണ്ടെത്താൻ പൊലീസും, വനംവകുപ്പും സംയുക്തമായി കാട്ടിൽ തിരച്ചിൽ നടത്തിയിരുന്നു.

✪✪✪

കോഴിക്കോട് കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ ഹീറ്റ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി കൂടരഞ്ഞി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹീറ്റ് ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ബോബി ഷിബു ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

ചൂട് കാരണമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ബോധവത്കരണം, പ്രാഥമിക ചികിത്സ, നിർജലീകരണത്തിനെതിരായ മുൻകരുതലുകൾ, വയോജനങ്ങൾ, കുട്ടികൾ, ഗർഭിണികൾ, തൊഴിലാളികൾ തുടങ്ങി അതീവ ജാഗ്രത ആവശ്യമായ വിഭാഗങ്ങൾക്ക് പ്രത്യേക നിർദേശങ്ങൾ ഹീറ്റ് ക്ലിനിക്കിലൂടെ ലഭ്യമാക്കും.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: ഫർദിസ് A.V, സബിത കെ, രജിന കെ ആസാദ്*
*DEO: ഷീബ*